# Kids corner

## തേടിയതും നേടിയതും

വിധവയായ അന്നമ്മ ചേടത്തിയുടെ രണ്ട് ആൺമക്കളാണ് സാബുവും, സിബിയും. ജീവിതത്തിലെ പ്രതികൂലത്തെ കണ്ട് ഭയപ്പെട്ട് കരഞ്ഞ് ജീവിതം കഴിക്കുവാനല്ല, വിശ്വാസത്തോടും ധൈര്യത്തോടും സകലപ്രശ്നങ്ങളേയും നേരിടുവാൻ ചേട്ടത്തി തീരുമാനിച്ചു. ആരോടും ഒരു പരിഭവവുമില്ലാതെ, അയൽ വീടുകളിൽ ജോലി ചെയ്ത് അവർ മക്കളെ വളർത്തി. തന്റെ വിശപ്പ് അടക്കി തനിക്കു കിട്ടുന്ന ഭക്ഷണം മക്കൾക്കായി കരുതിവച്ചു. അമ്മ യെപ്പോലെ തന്നെ മക്കളും സക ലവും സഹിച്ചു. പണക്കാരുടെ മക്കളുടെ പഴയഉടുപ്പ്, പുതിയ ഉടുപ്പിടുന്ന സന്തോഷത്തോടെ അവർ ഇട്ടു. അവരുടെ കീറിയ പുസ്തകം ഉപയോഗിച്ച് സന്തോഷത്തോടെ പഠിക്കുകയും, നല്ല മാർക്കുകൾ വാങ്ങുകയും ചെയ്തു. വിവേകവതിയായ അന്നമ്മ, തീ ഇടുവാൻ കൊടു ക്കുന്ന പഴയ പുസ്തകങ്ങളും , കടലാസുകളും പരിശോധിച്ച് പ്രയോജനമുള്ളവയെ മക്കൾക്ക് വായിക്കു



വാനായി കൊണ്ട് കൊടുക്കുമായിരുന്നു. കൂടാതെ 'ജീവിതത്തിൽ എന്തെങ്കിലും നിങ്ങൾക്ക് നേടണമെങ്കിൽ തേടേണ്ടവനെ തേടണം' എന്ന് അമ്മ പഠിപ്പിച്ചതിനാൽ അവർ രാവിലെയും വൈകുന്നേരവും പ്രാർത്ഥന മുടക്കിയിരുന്നില്ല

അറിവ് ലഭിപ്പാനുള്ള മാർഗ്ഗം തേടുന്നതു കൂടാതെ തേടി ലഭിച്ചത് ഹൃദയത്തിൽ സൂക്ഷിക്കുവാനും അമ്മ മക്കളെ പഠിപ്പിച്ചിരുന്നു. അമ്മ അടുക്കള ജോലിക്കായി പോകുമ്പോൾ 8-ാം ക്ലാസ്സുകാരനായ സാബുവും , 6-ാം ക്ലാസ്സുകാരനായ സിബിയും തങ്ങളാൽ കഴിയുന്ന ജോലികൾ ചെയ്തിരുന്നു. ചായക്കട നടത്തുന്ന ചാക്കോചേട്ടന്റെ കടയിൽ ചെറിയ സഹായങ്ങൾ അവർ ചെയ്തു കൊടുത്തിരുന്നു. കടയുടമ തന്റെ റേഡിയോ രാവിലെ തന്നെ പ്രവർത്തനനിരതമാക്കും . ജോലി ചെയ്യുന്നതിനിടയിലും റോഡിയോയിലെ വാർത്തകളും , പ്രധാന ചർച്ചകൾ എല്ലാം അവർ ശ്രദ്ധിക്കുകയും ഗ്രഹിക്കുകയും ചെയ്തിരുന്നു. വിശ്വസ്തരായ ഈ കുട്ടികളെ ചാക്കോചേട്ടനും ഇഷ്ടമായിരുന്നു.

ഇവരുടെ വീടിനടുത്താണ് ഗോവിന്ദൻ മുതലാളിയുടെ വീട്. മുതലാളിയുടെ മകനെ സംഗീതം പഠിപ്പിക്കുവാൻ അഞ്ചുമണിയാകുമ്പോൾ ഗുരു എത്തുമെന്ന് അറിയാവുന്ന കുട്ടികൾ ചായക്കടയിലെ വേല തീർത്തു മുതലാളിയുടെ ഭവനത്തിലെ സംഗീതാഭ്യസനം കേൾക്കുവാൻ അവരുടെ കുടിലിൽ ശ്രദ്ധയോടെ ഇരിക്കും. അങ്ങനെ സംഗീതവും സാബുവിനും സിബിക്കും വഴങ്ങിത്തുടങ്ങി. എല്ലാ വിഷയങ്ങൾക്കും നല്ലമാർക്കുകളും ഇവർക്കു ലഭിച്ചിരുന്നു.

അദ്ധ്യയന വർഷത്തിൽ കലാ-കായിക മത്സരങ്ങൾക്കും , പാഠ്യവിഷയങ്ങൾക്കും മുൻപന്തിയിലായിരുന്ന ഈ കുട്ടികളെ ഏറ്റവും നല്ല

പ്രതിഭകളായി തിരഞ്ഞെടുക്കുകയും ചെയ്തു. വിദ്യാലയ വാർഷിക ത്തിന് പ്രധാന അതിഥിയായി എത്തിയത് ഹാബേലച്ചൻ ആയിരുന്നു. സാമൂഹ്യപ്രവർത്തകനായ അദ്ദേഹം ഈ കുട്ടികളോട് സന്തോഷം തോന്നി അവരെക്കുറിച്ച് പ്രധാന അദ്ധ്യാപകനോട് അന്വേഷിച്ചു. വിധ വയായ അന്നാമ്മയുടെ മക്കളെ ഹാബേലച്ചൻ സാമൂഹ്യ സംഘടന കൾക്ക് പരിചയപ്പെടുത്തുകയും, സ്പോൺസർഷിപ്പോടെ അവർക്ക് പഠിക്കുവാൻ സാധിക്കുകയും ചെയ്തു. സർക്കാരിന്റെ ധനസഹായവും അവർക്ക് ലഭിച്ചു. സാബു ശാസ്ത്രരംഗത്തും സിബി വൈദ്യ ശാസ്ത്രരംഗത്തും പ്രഗത്ഭരായിത്തീർന്നു. ഇവരുടെ ഉയർച്ചയുടെ രഹസ്യം ആരു ചോദിച്ചാലും നിറകണ്ണുകളോടെ അവർ അമ്മയെപ്പറ്റി പറയും.

കുഞ്ഞുങ്ങളേ ! അന്നമ്മചേടത്തിയുടെ ഉപദേശം നിങ്ങളും സ്വീക രിച്ച് , ഈ അവധിക്കാലം ശരിയായി വിനിയോഗിക്കുക. 'നേടുവാനായി തേടുക' **കഠിനാദ്ധ്വാനം നിങ്ങളുടെ ജീവിത നിലവാരം ഉയർത്തും.**

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind